"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ഗവ. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം - ആഡിറ്റോറിയം നിർമ്മാണം - OS 838/1992 കേസിലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പാക്കുന്നതിന് - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.445/2026/PWD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. 19/1/1999-ലെ OS No. 838/1992-ന്മേലുള്ള തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോടതിയുടെ വിധിന്യായം.
2. പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11/03/2019-ലെ എഫ്.ബി7-2839/2018 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. എസ്.വെങ്കടാചലം, കോൺട്രാക്ടർ, മണക്കാട് തിരുവനന്തപുരം എന്നയാൾ തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോടതി മുമ്പാകെ ഫയൽ ചെയ്ത OS No. 838/1992 കേസിലെ വിധിക്കെതിരായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത എ.എസ് 427/2000കേസിലും, ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത എസ്.എൽ.പി(സി) ഡി നം. 35666/17കേസിലും അനുകൂല വിധി ഉണ്ടാകാത്ത സാഹചര്യത്തിൽ ബഹു. പ്രിൻസിപ്പൽ സബ് കോടതി ഒ.എസ് 838/1992കേസിലെ വിധിന്യായത്തിലെ നിർദേശം കാലതാമസം കൂടാതെ നടപ്പിലാക്കേണ്ടതാണെന്നും ആയതിനാൽ 31/03/2019 വരെയുള്ള പലിശ ഉൾപ്പെടെ 3,90,395/- രൂപയിൽ 1,04,000/-രൂപ, 20/02/2023-ൽ കോടതിയിൽ കെട്ടിവച്ചത് കഴിച്ച് ബാക്കി തുകയായ 2,86,395/- രൂപയുടെ എൽ.ഒ.സി പ്രൊപ്പോസൽ അടിസ്ഥാനത്തിൽ 4202-01-203-94 എന്ന ശീർഷകത്തിൽ others type-ൽ ഉൾപ്പെടുത്തി അനന്തര നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2)-ലെ കത്ത് പ്രകാരം പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എസ്.വെങ്കിടാചലം, കോൺട്രാക്ടർ, മണക്കാട്, തിരുവനന്തപുരം ബഹു. തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോടതി മുമ്പാകെ ഫയൽ ചെയ്ത OS No. 838/1992 കേസിലെ വിധിന്യായത്തിലെ നിർദ്ദേശം കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് 31/03/2019 വരെയുള്ള പലിശ ഉൾപ്പെടെ 3,90,395/- രൂപയിൽ 1,04,000/- രൂപ കോടതിയിൽ കെട്ടിവച്ചത് കിഴിച്ച് ബാക്കി തുകയായ 2,86,395/- രൂപയുടെ (രണ്ടു ലക്ഷത്തി എൺപത്താറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപാ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07/01/2021-ലെ I&PW-B2/202/2020/Fin. പ്രകാരം)
നിയമ വകുപ്പ് (22/01/2021-ലെ 1388/ഉപദേശം-ഡി1/2021/നിയമം പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sudha B
Date: 15-03-2026 12:08:27

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്